ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഏതെങ്കിലും വിദഗ്ദ്ധാഭിപ്രായമനുസരിച്ചാണോ ആ കിണറു കുഴിച്ചതു്?

ശ്രീ. എ. ജെ. ജാൺ: ഫ്രഫന്റ-ലോ, ഫ്രഫർ-ലോ ആണു് ആ കിണറു കുഴിച്ചതു്. അതു ശരിയാകാത്തതുകൊണ്ടാണു് വിദഗ്ദ്ധനെകൊണ്ടു പരിശോധിപ്പിച്ചതു്.

ശ്രീ. എം. ഐ. പാഠം: നായരമ്പലം എന്ന സ്ഥലത്തു് ഒരു കിണറു കുഴിപ്പിച്ചുവരുന്നതായി അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എനിക്കറിവില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടു് ഉണ്ടെന്നു വിശ്വസിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഒരു കുഴൽ കിണർ ഉണ്ടാക്കുന്നതിനു് എന്തു ചെലവു വരുമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു കിണറിന്റെ സ്വഭാവമനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കും. മൂവായിരം, അയ്യായിരം, എണ്ണായിരം എന്നിങ്ങനെ പലതരത്തിൽ സാധാരണ ചെലവുവരും.

ശ്രീ. ഗാസ്പർ ഡിസിൽവാ: ശുദ്ധജലം ഇല്ലാത്ത സ്ഥലങ്ങളിലെല്ലാം ശുദ്ധജലം കൊടുക്കാൻ ഗവണ്മെണ്ടു് ഏർപ്പാടുചെയ്യുമോ?

ശ്രീ. എ. ജെ. ജാൺ: എല്ലാസ്ഥലത്തും ശുദ്ധജലം കൊടുക്കണമെന്നതന്നെയാണു് ഗവണ്മെണ്ടിന്റെ ആഗ്രഹം. പക്ഷെ എല്ലാസ്ഥലങ്ങളിലും ഉടനെതന്നെ കിണറുകൾ കുഴിപ്പിക്കാൻ ഗവണ്മെണ്ടിനു സാദ്ധ്യമല്ല. ഒരു പദ്ധതി തയ്യാറാക്കി അതനുസരിച്ചു ക്രമമായി പ്രവർത്തിക്കുവാനേ ഗവണ്മെണ്ടിനു സാധിക്കൂ.

കുഴൽക്കിണറുകൾ

*൯൨൩. (൧൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുഴൽക്കിണറുകൾമൂലം ശുദ്ധജലം വിതരണംചെയ്യുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെണ്ടിനുണ്ടോ;

(ബി) അതു നടപ്പിലാക്കുന്നതിനു വല്ല ആലോചനയും നടത്തിയിട്ടുണ്ടോ;

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ആലപ്പുഴയിലുള്ള കുഴൽക്കിണറിനു പുറമേ അയിരംതെങ്ങു്, വള്ളിക്കാവു്, അമ്പലംകടവു്, തുക്കുന്നപ്പുഴ, തോട്ടപ്പള്ളി ഈ സ്ഥലങ്ങളിൽ ഓരോ കുഴൽക്കിണർ വീതം കുഴിച്ചിട്ടുണ്ടു്. കാർത്തികപ്പള്ളി താലൂക്കിൽ കൊണ്ടലൂർ എന്ന സ്ഥലത്തു കുഴൽക്കിണറിന്റെ പണി നടന്നുവരുന്നു. കൂടുതൽ കുഴൽക്കിണറുകൾ ഉണ്ടാക്കുന്നതിനു് ആവശ്യമായ സാമഗ്രികൾ വരുത്തുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. എം. ഐ. പാഠം: നായരമ്പലത്തിൽ കുഴിക്കുന്ന കിണറിന്റെ കാര്യം എന്തുകൊണ്ടാണു് ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തിക്കാണാത്തതു്?

ശ്രീ. എ. ജെ. ജാൺ: അവിടെ കിണറുണ്ടോയെന്നു് എനിക്കറിവില്ല. ഇപ്പോൾ വായിച്ചുകൂട്ടത്തിൽ ആ സ്ഥലം ഇല്ലെന്നു വ്യക്തമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കീസ് അഗസ്റ്റിൻ: കുട്ടനാടൻ പ്രദേശങ്ങളിലെ പള്ളികളിലും ക്ഷേത്രങ്ങളിലും ഉത്സവക്കാലത്തും മറ്റും കൂടുന്നതായ ആളുകൾക്ക് ശുദ്ധജലം കിട്ടാതെ വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ: അവിടെ സ്ഥിരമായി താമസിക്കുന്നവർക്കുതന്നെ ശുദ്ധജലം കിട്ടുന്നില്ല. ആ സ്ഥിതിക്ക് ഉത്സവക്കാലത്തും മറ്റും പുറമേനിന്നു വരുന്നവർക്ക് കിട്ടാത്തതിൽ അത്ഭുതമില്ല.

ശ്രീ. വക്കീസ് അഗസ്റ്റിൻ: അതിനെന്തെങ്കിലും നിവാരണമാർഗ്ഗമുണ്ടാക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ: അക്കാര്യമാണു പറഞ്ഞതു്. മി. കാട്ടർ എന്ന അമേരിക്കൻ വിദഗ്ധനെക്കൊണ്ടു് ആ സ്ഥലങ്ങളിൽ ഒരു പരിശോധന നടത്തി കൂടുതൽ കിണറുകൾ കുഴിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കയാണു്.

ശ്രീ. എം. ഐ. പാൾ: നായരമ്പലത്തിൽ ഒരു കിണറു കുഴിക്കുന്നതിനു പതിനായിരത്തോളം രൂപാ ചെലവുചെയ്തതിനുശേഷവും അതിനെ സംബന്ധിച്ചു ശവമെടുത്തിനു യാതൊരറിവുമില്ലെന്നാണോ പറയുന്നതു് ?

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: എടതുരുത്തിപ്പള്ളിക്കടുത്തു ഒരു കുഴൽ കിണർ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഒ. പി. നീലകണ്ഠപ്പിള്ള: നായരമ്പലം എന്നൊരു സ്ഥലമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടെന്നാണു് തോന്നുന്നതു്.

പബ്ലിക്കഹെൽത്തു ഡിപ്പാർട്ടുമെൻറിലെ ശുദ്ധജലവിതരണം

*൯൨൭. (൧൭) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശുദ്ധജലവിതരണത്തിനു് പബ്ലിക്കഹെൽത്തു ഡിപ്പാർട്ടുമെൻറിൽ നിന്നും എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ബി) ൧൯൫൭-ൽ അതിലേക്കു് എത്ര സംഖ്യ ചെലവുചെയ്തിട്ടുണ്ടു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ എ. ജെ. ജോൺ):

(എ) ഉണ്ടു്. ൧൯൫൭-ൽ ൨൩ പുതിയ കിണറുകൾ കുഴിക്കയും, ൩൫ കിണറുകൾ താഴ്ത്തുകയും, നന്നാക്കുകയും ചെയ്തിട്ടുണ്ടു്. ഇതുകൂടാതെ മട്ടാഞ്ചേരി, കരിങ്കൽ, കന്യാകുമാരി, ആലുവാമൊഴി, വിലത്തുറ എന്നീ സ്ഥലങ്ങളിൽ ലോറികളിൽ ശുദ്ധജലം വിതരണം ചെയ്തിട്ടുണ്ടു്.

(ബി) കിണറുകൾ കുഴിക്കുകയോ നന്നാക്കുകയോ ചെയ്തതിനു് ൫൦,൨൩൭ രൂപ. ൩൭. ൨ പൈയും, ലോറികളിൽ ശുദ്ധജലം വിതരണം ചെയ്തതിനു് ൫൯൭൫ രൂപ. ൫൬. ൩൬ പൈയും ചെലവായിട്ടുണ്ടു്.

POLITICAL PARTIES

*928. [17] **Sri. N. V. Chacko:** Will the Hon'ble Chief Minister be pleased to state.—

(*a*) what percentage of the population of the State openly profess their loyalty (1) The Indian National Congress, (2) The I. S. P., (3) K. S. P., (4) Communism, (5) Labour, (6) Trade Union; and

(*b*) whether there are communists in the State affecting to belong to any other political party in the State like Congress, Labour, I. S. P. etc. ?

LIBRARY ARCHIVES Kerala Legislative Assembly